

ബഷീർ എന്ന
ഹുന്ത്രാപ്പി ബുസ്സാട്ടോ
little KITEs
ജി.എച്ച്.എസ്.എസ്. പെരിന്തൽമണ്ണ

# പത്രാധിപ സമിതി

| | |
|---|---|
| ചീഫ് എഡിറ്റർ | : മുഹമ്മദ് നവാഫ്.പി (9F) |
| എഡിറ്റോറിയൽ അംഗങ്ങൾ | : മുഹമ്മദ് ഇസ്മായിൽ.കെ.പി (9F) |
| | : അഫ്ഷാൻ.എം (9C) |
| | : മഹേഷ് ആർ മോഹൻ (9F) |
| | : അഖിൽ.എം.ടി (9F) |
| ലേ ഔട്ട് | : മുഹമ്മദ് നാഫിഹ്. കെ.കെ(9F) |
| | : ഫാത്തിമത്ത് നിദ.ടി (9C) |
| വര | : അഫ്ഷിൻ.എം (9C) |

# ആമുഖം

## ബഷീർ എന്ന 'ഹുന്ത്രാപ്പി ബുസ്സാട്ടോ'

കഥകളുടെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീർ ഭാഷയെ ഏറ്റവുമധികം ലളിതവത്ക്കരിച്ച് ഉപയോഗിച്ച സാഹിത്യകാരനാണ്. അതുപോലെ ജീവിതാനുഭവങ്ങളിൽ നിന്നുള്ള നിസാര സംഭവങ്ങളടക്കം അദ്ദേഹത്തിന്റെ തൂലികയിൽ നിന്നൂർന്ന് വീഴുമ്പോൾ അതിലളിതമായി നമുക്ക് വായിക്കാമെങ്കിലും അവയിൽ ഗഹനമായ ജീവിത സത്യങ്ങൾ നിറഞ്ഞിരിക്കുന്നതായി കാണാം. അതുപോലെ ബഷീറിയൻ പദങ്ങൾ എന്ന് പറയാവുന്ന കുറേ വാക്കുകൾ ഭാഷയ്ക്ക് പരിചിതമാക്കി അദ്ദേഹം.

അത്തരം ഒട്ടേറെ വാക്കുകൾ ആ കഥകളിൽ നിന്ന് നമുക്ക് ലഭിക്കും. ഉദാ: കുഞ്ഞു പളുങ്കോഷ്ഠി, പുഷ്ക്കടി മുണ്ട്, ഫർ ർ ർ ....


അതിൽ അർത്ഥമെന്തെന്ന് ആർക്കുമറിയാത്ത, അല്ലെങ്കിൽ എന്തെന്ന് ആർക്കും മനസിലാവാത്ത ഒരു വാക്കുണ്ട്. 'ഹുന്ത്രാപ്പി ബുസ്സാട്ടോ'. വാക്കുണ്ടാക്കിയ ബഷീറിനുമറിയില്ല അതെന്താണെന്ന്. സ്ത്രീ ഒരു ഹുന്ത്രാപ്പി ബുസ്സാട്ടോ ആണെന്ന് പറയുന്ന ഒരു കഥയുണ്ട്. അതായത് ആർക്കും മനസിലാക്കാൻ കഴിയാത്ത അത്രയും വിശേഷഗുണങ്ങളുള്ള മനുഷ്യജീവിയാണ് സ്ത്രീ എന്ന് പറയുന്ന ഒരു കഥ.

## ഉള്ളടക്ക പട്ടിക

വൈക്കം മുഹമ്മദ് ബഷീർ.....5
ഒരു മനുഷ്യൻ.....8
ഫാബി ബഷീർ.....9
ജോലി കിട്ടാൻ കഥയെഴുതി തുടങ്ങിയ ബഷീർ.....10
പുത്തരിയില്ലാത്ത ജയിലനുഭവങ്ങൾ.....14
പ്രകൃതി എന്ന ആദ്യ ഗുരു.....16
സാഹിത്യശൈലി.....17
ഹുന്ത്രാപ്പി ബുസ്സാട്ടോ.....19
ബഹുമതികൾ.....21
ബഷീറിന്റെ കൃതികൾ.....23
നോവലുകൾ [Novels].....26
ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്.....28
പാത്തുമ്മായുടെ ആട്.....31
പ്രേമലേഖനം [നോവൽ].....33
ബാല്യകാലസഖി.....35
മതിലുകൾ.....38
ശബ്ദങ്ങൾ (നോവൽ).....39
ചെറുകഥകൾ.....41
തേന്മാവ് [ചെറുകഥ].....43
ഭൂമിയുടെ അവകാശികൾ.....44
ഭൂമിയുടെ അവകാശികൾ.....46
യാ ഇലാഹി.....47
വിശ്വവിഖ്യാതമായ മൂക്ക്.....49
ഭാർഗ്ഗവീനിലയം.....51
ബഷീർ എന്ന ബല്യ ഒന്ന്.....54
സാഹിത്യ സുൽത്താനെ ഓർമ്മിക്കുമ്പോൾ.....57

# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.



1908 ജനുവരി 21ന് തിരുവിതാംകൂറിലെ തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തുചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര

രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു.
അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ.

ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും, കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

**കടപ്പാട് : വിക്കിപീഡിയ**

---

# ഒരു മനുഷ്യൻ

1910-ൽ വൈക്കത്തിനടുത്ത് തലയോലപറമ്പിൽ ജനിച്ചു.1982-ൽ പത്മശ്രീ ബഹുമതി ലഭിച്ചു.1987-ൽ കോഴിക്കോട് സർവകലാശാല ഡോക്ടറേറ്റ് നൽകി ആദരിച്ചു.മലയാള സാഹിത്യത്തിലെ വർണവ്യവസ്ഥകൾ തിരുത്തിക്കുറിച്ച വൈക്കം മുഹമ്മദ് ബഷീർ പണ്ഡിതമനസുകൾക്ക് അപ്രാപ്യനാണ്. വ്യാകരണത്തിന്റെ വേലിക്കെട്ടിനുള്ളിൽ ആഖ്യയും ആഖ്യാതവും കാണാൻ കൂട്ടാക്കാതെ നടന്ന ബഷീറിനെ വാക്കുകൾ കരഞ്ഞു വിളിച്ചു. ബഷീർ അവയെ എടുത്ത് താലോലിച്ചപ്പോൾ മലയാളത്തിന് പുതിയ ഒരു സൗന്ദര്യ വും ആത്മാവിന്റെ കഥയും ഉണ്ടായി.തന്റേതുമാത്രമായ വാക്കുകളും പ്രയോഗങ്ങളും കൊണ്ട് മറ്റെല്ലാ എഴുത്തുകാരിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന ബഷീർ നമ്മുടെ സാഹിത്യത്തിലെ മൗലിക പ്രതിഭയാ-യി തിളങ്ങുന്നു.അനുഭവങ്ങളുടെ പുതിയ ദിക്കുകൾ കാണിച്ചുതന്ന ബഷീർ നമ്മുടെ ലാവണ്യ നിയമങ്ങളെ കാരുണ്യത്തോടെ ധിക്കരിച്ചു. സൗന്ദര്യത്തിന്റെ ഒരു മറുലോകം സൃഷ്ടിച്ച ബഷീറിന്റെ അനുപമമായ കഥയാണ് 'ഒരു മനുഷ്യൻ'.

**ഉണ്ണിമായ.വി (9F)**

# ഫാബി ബഷീർ



വൈക്കം മുഹമ്മദ് ബഷീറിന്റെ ഭാര്യയും സാഹിത്യകാരിയുമായിരുന്നു ഫാബി ബഷീർ എന്ന ഫാത്തിമ ബീവി. അരീക്കോട് കോയക്കുട്ടി മാസ്റ്ററുടേയും പുതുക്കുടി പറമ്പിൽ തൊണ്ടിയിൽ ഖദീജയുടേയും ഏഴ് മക്കളിൽ മൂത്തവളയി 1937 ജൂലൈ 15 നാണ് ഫാത്തിമ ബീവി ജനിച്ചത്. പത്താംതരത്തിൽ പഠിക്കുമ്പോൾ 1957 ഡിസംബർ 18 നായിരുന്നു ബഷീറുമായുള്ള വിവാഹം. 2015 ജൂലൈ 15 ന് 78 ആം ജന്മദിനത്തിൽ അവർ നിര്യാതയായി.

ഫാത്തിമയുടെ'ഫാ'യും ബഷീറിന്റെ'ബി'യും ചേർത്താണ് ഫാബിയായത്.

ബഷീറുമായുള്ള 36 വർഷത്തെ ദാമ്പത്യ ജീവിതത്തിന്റെ ഓർമകൾ ഉൾക്കൊള്ളുന്ന 'ബഷീറിന്റെ എടിയേ' എന്ന പേരിൽ ഡി സി ബുക്സ് ആത്മകഥ പ്രദ്ധീകരിച്ചിട്ടുണ്ട്. ബഷീറിന്റെ വ്യക്തജീവിതത്തിലെ മറ്റാരും അറിയാത്ത അനുഭവങ്ങളും രഹസ്യങ്ങളുമാണ് ഈ പുസ്തകത്തിലൂടെ ഫാബി തുറന്നുപറയുന്നത്. താഹ മാടായിയുടെ രചനാസഹായത്താലാണ് ഈ കൃതി തയ്യാറാക്കിയത്.

**കടപ്പാട് : വിക്കീപീഡിയ**

# ജോലി കിട്ടാൻ കഥയെഴുതി തുടങ്ങിയ ബഷീർ

അനുഭവിച്ച ജീവിതത്തിന്റെ പാതി പോലും എഴുതിതീർക്കാതെ കടന്നുപോയ എഴുത്തുകാരൻ. അതായിരുന്നു സാക്ഷാൽ വൈക്കം മുഹമ്മദ് ബഷീർ. അനുഭവങ്ങളുടെ കടലിൽ നിന്ന് കൈവെള്ളയിൽ കോരിയെടുത്തത് മാത്രമായിരുന്നു അദ്ദേഹം മലയാളത്തിന് നൽകിയ സാഹിത്യസംഭാവനകൾ. ഇത്തിരിയോളം കോപ്പുകൾ മാത്രം കൈയിലുള്ളപ്പോൾ പോലും പാരാവാരങ്ങൾ തീർക്കാൻ മാത്രം അനുഭവങ്ങളുടെ സമൃദ്ധി തങ്ങൾക്ക് ആവോളമുണ്ടെന്ന് അവകാശപ്പെടുന്ന നമ്മുടെ വർത്തമാനകാല രചനാശീലങ്ങളെ പരിചയപ്പെടുമ്പോഴാണ് ബഷീറിന്റെ വ്യക്തിത്വം നമുക്ക് കൂടുതൽ ആദരണീയമാകുന്നത്.

അദ്ദേഹത്തെ എഴുത്തുകാരനാക്കിയത് പോലും സാഹചര്യമായിരുന്നു എന്നതാണ്
സത്യം. ജീവിതത്തിലെ വിവിധ വേഷപ്പകർച്ചകൾക്കൊടു- വിൽ ജോലി തേടി അന്ന് ബഷീർ എത്തിയത് ജയകേസരി എന്ന പ്രസിദ്ധീകരണശാലയിൽ. പത്മനാഭ പൈ ആയിരുന്നു പത്രാധിപർ. ജോലിയില്ല പകരം കഥയെഴുതിതന്നാൽ അതിന്
കാശുതരാമെന്നായിരുന്നു പത്രാധിപരുടെ വാഗ്ദാനം. അതിന് മുമ്പിൽ ബഷീർ പതറിയില്ല. കാരണം ജീവിക്കാൻ ജോലിയല്ല കാശാണ് വേണ്ടതെന്ന്

അദ്ദേഹത്തിന് കൃത്യമായി അറിയാമായിരുന്നു. കാശ് ലഭിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണല്ലോ ജോലി. അങ്ങനെയെഴുതിയ കഥയായിരുന്നു തങ്കം.



കറുത്തിരുണ്ട് വിരൂപയായ നായികയും ചട്ടുകാലും കോങ്കണ്ണും കൂനുമുള്ള യാചകൻ നായകനുമായിരുന്നു അതിലെ കഥാപാത്രങ്ങൾ. അത് എഴുത്തിന്റെ രാജവീഥിയിലേക്കുള്ള ഒരു ചക്രവർത്തിയുടെ രംഗപ്രവേശമായിരുന്നു. മലയാളം അന്നുവരെ പരിചയിക്കാതിരുന്ന പല ജീവിതയാഥാർത്ഥ്യങ്ങളും വ്യക്തികളും ആ പ്രതിഭയുടെ സർഗ്ഗസിദ്ധിയിൽ നിന്ന് മിഴിവാർന്ന് പുറത്തുവന്നു.

സ്വവർഗ്ഗാനുരാഗികൾ അതുവരെ പ്രത്യക്ഷപ്പെടാതിരുന്ന മലയാള സാഹിത്യത്തിലേക്കാണ് ബഷീർ അത്തരക്കാരെ കൈ പിടിച്ചുകൊണ്ടുവന്നത്. സ്വവർഗ്ഗപ്രണയികളുടെ മാനിഫെസ്റ്റോ രൂപപ്പെടുന്ന ഇക്കാലത്തിനും എത്രയോ മുമ്പ് എന്തൊരു ധൈര്യമായിരുന്നു ബഷീർ കാണിച്ചതെന്നോർത്ത് അത്ഭുതം തോന്നുന്നു. സ്വവർഗ്ഗാനുരാഗികൾ എല്ലാ കാലത്തും എല്ലാ ലോകത്തിലും

ജീവിച്ചിരുന്നു എന്നതിന്റെ അടയാളപ്പെടുത്തൽ കൂടിയായിരുന്നു അത്.

ജീവിതത്തിന്റെ ലാളിത്യം ഭാഷയിലും അവതരിപ്പിച്ചതായിരുന്നു ബഷീറിന്റെ മറ്റൊരു പ്രത്യേകത. ഏതൊരാൾക്കും മനസ്സിലാവുന്നതായിരുന്നു ബഷീറിന്റെ ഭാഷയും അതിലെ കഥാപാത്രങ്ങളുടെ ജീവിതവും.

വലിച്ചെറിഞ്ഞ പൂവിനെ നോക്കി അത് ഓ എന്റെ ഹൃദയമായിരുന്നു എന്ന് കഥാപാത്രം നെടുവീർപ്പെടുമ്പോഴും അനുവദിച്ചുകിട്ടിയ സ്വാതന്ത്ര്യം പോലും പ്രിയപ്പെട്ടവരുടെ അസാന്നിധ്യത്തിൽ പാരതന്ത്ര്യമായി തോന്നുമ്പോൾ ആർക്കുവേണം സ്വാതന്ത്ര്യം എന്ന അലറിനിലവിളിക്കലിനും പിന്നിലെ ഹൃദയം അറിയാൻ നമുക്കൊരു സാഹിത്യനിരൂപകന്റെയും ആവശ്യമില്ലാതെ വരുന്നു. കാരണം അത് നമ്മുടെ തന്നെ വിചാരമായിരുന്നു. നാം കടന്നുവന്ന ജീവിതത്തിന്റെ ഏതൊക്കെയോ ചില ഘട്ടങ്ങളിൽ അങ്ങനെ നമുക്കും തോന്നിയ കാര്യങ്ങളായിരുന്നു അവ.

നിർമമതയുടെ തലമുണ്ടായിരുന്നു ബഷീറിന്റെ എഴുത്തിന്. ബഹുജനഭിന്ന വിചിത്രമായ ജീവിതങ്ങളുടെ നിരീക്ഷകനായതുകൊണ്ടാവും ആ നിർമമത അദ്ദേഹത്തിൽ നിഴലിച്ചിരുന്നത്. ഒരു പോക്കറ്റടിക്കാ-രനിൽ പോലും നന്മയുടെ തിളക്കമുണ്ടെന്ന്

തിരിച്ചറിയാൻ കഴിയുന്നവിധത്തിലുള്ള അസാമാന്യമായ കണ്ടെത്തലുകൾക്ക് പിന്നിലുണ്ടായിരുന്നതും ജീവിതം നൽകിയ പാഠവും അതിന് പ്രേരിപ്പിച്ച യാത്രകളുടെ പിന്തുണയുമായിരുന്നു.

വെളിച്ചത്തിന് എന്തൊരു വെളിച്ചം എന്ന് ന്റുപ്പാപ്പക്കൊരാനേണ്ടാർന്നിലെ ഒരു കഥാപാത്രം പറയുന്നുണ്ട്. അതെ, വല്ലാത്തൊരു വെളിച്ചമുണ്ടായിരുന്നു ബഷീറിന്റെ എഴുത്തുകൾക്ക്. ബഷീർ കൊളുത്തിയ വെളിച്ചം ഇന്നും അണഞ്ഞുപോയിട്ടില്ല. എണ്ണയില്ലാത്ത വിളക്കുകളേ അണഞ്ഞുപോകാറുള്ളൂ. എഴുതിരിയിട്ട നിലവിളക്ക് പോലെ ബഷീറിന്റെ എഴുത്തുകൾ ഇന്നും പ്രകാശിച്ചുനിൽക്കുന്നു. എന്നും പ്രകാശിക്കുകയും ചെയ്യും.

**അഖിൽ.എം.ടി (9F)**

---

# പുത്തരിയില്ലാത്ത ജയിലനുഭവങ്ങൾ

ബേപ്പൂർ സുൽത്താൻ എന്ന പേരിൽ പ്രസിദ്ധനായ വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 19-ന് കോട്ടയം വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ചു. തടിക്കച്ചവടക്കാരനായിരുന്ന കായി അബ്ദുറിമാന്റെയും കുഞ്ഞാച്ചുമ്മയുടെയും മൂത്ത മകൻ.1924-ൽ വൈക്കം ഇംഗ്ലീഷ് സ്കൂളിൽ അഞ്ചാം ഫോറത്തിൽ (ഇന്നത്തെ ഒൻപതാം ക്ലാസ്) പഠിക്കുമ്പോൾ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കാനെത്തിയെ ഗാന്ധിജിയെ കണ്ടത് ജീവിതത്തിലെ  അനർഘനിമിഷങ്ങളിൽ ഒന്നാണെന്ന് ബഷീർതന്നെ എഴുതിയിട്ടുണ്ട്. 1930-ൽ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ വീടുവിട്ടിറങ്ങി. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന് കോഴിക്കോട് കടപ്പുറത്തുപോയി ഉപ്പ് കുറുക്കുന്നതിൽ പങ്കാളിയായി.ഇതേത്തുടർന്ന് പോലീസ് മർദനത്തിന് ഇരയാകുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു


**അലോക് എ മേനോൻ (9F)**

# പ്രകൃതി എന്ന ആദ്യ ഗുരു

പരിസ്ഥിതിസ്നേഹിയായ ഒരു പച്ചമനുഷ്യൻ കൂടിയായിരുന്നു ബഷീർ. ആനവാരിക്കു പൊൻകുരിശി-നും കുഞ്ഞുപാത്തുമ്മകയ്ക്കും സൈനബയ്ക്കുമെന്നുവേണ്ട സകലകഥാപാത്രങ്ങൾക്കുമെന്നതുപോലെ ഈ ഭൂമി സഖാവ് മൂർഖന്റെയും വവ്വാലിന്റെയും പിന്നെ അഖിലാണ്ഡ കോടി ബ്രാഹ്മാണ്ഡവാസികൾംക്കുകുടി അവകാശപ്പെട്ടതാണ് എന്ന പ്രാചീന തത്ത്വം തന്റെ കഥകളിലൂടെ ബഷീർ ലോകത്തിന്ന് കാണിക്കവെച്ചു. മനുഷ്യമനസ്സിനെ അറിയാൻ ബഷീറിന് കഴിഞ്ഞത് മണ്ണിനെ അറിയാൻ സാധിച്ചതുകൊണ്ടാിരുന്നു. മണ്ണിലൂടെ പച്ചമനുഷ്യത്വത്തലേക്കൊരു യാത്രയായിരുന്നു.താൻ ജീവിക്കുന്ന ലോകത്തെ ഒന്നാകെ കാണാനുള്ള കണ്ണായിരുന്നു അദ്ദേഹം കൃതികളിലൂടെ തുറന്നുവിട്ടത്.ബഷീറിന്റെ പ്രഥമഗുരു എന്നും പ്രകൃതിയായിരുന്നു.

**ദേവകൃഷ്ണ. പി (9F)**

# സാഹിത്യശൈലി



സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ കുറച്ചു മാത്രമെഴുതിയിട്ടും ബഷീറിയനിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിൽ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു കൂടെ കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസുറ്റതായി, കലാതിവർത്തിയായി. ജയിൽപുള്ളികളും, ഭിക്ഷക്കാരും, വേശ്യകളും, പട്ടിണിക്കാരും, സ്വവർഗാനുരാഖികളും നിറഞ്ഞ ഒരു ഫാസിസ്റ്റായിരുന്നു ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിന്റെ നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചു വച്ചു. സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകന്മാരാവുക, മുസ്ലിം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ്. തീക്ഷണമായ

അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെഅനശ്വരമാകി മുസ്‌ലിം സമുദായത്തിൽ ഒരുകാലത്തു നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.

**ശിവശങ്കർ (9B)**

---------------------

# ഹുന്ത്രാപ്പി ബുസ്സാട്ടോ

സർവ ഗുലുമാലുകളുടെയും ഉറവിടമാണ് സ്ത്രീ എല്ലാ കിനാവുകളെയും സൃഷ്ടിച്ചത് അവൾക്കുവേണ്ടിയാണ് .

ലോകചരിതം മുഴുവനും അവളുടെ കഥകളാണ്. എല്ലാ രക്തചൊരിച്ചിലിനും അവളാണ് കാരണം എല്ലാ കലകളുടെയും നിദാനം അവളാണ്.

അവളില്ലെങ്കിൽ ആണില്ല. മണ്ടനും മടയനുമായ ആണിനെ നേർവഴിക്കു നടത്താൻ ഗാഢമായ ചിന്തയ്ക്കുശേഷം ഈശ്വരൻ സൃഷ്ടിച്ച അത്ഭുതജ്യോതിസ്സാണ് സ്ത്രീ. കുടുംബിനി. സുഗന്ധത്തിൽ മുങ്ങിയ ചന്ദ്രികാചർച്ചിതമായ ഘോരകാന്താരമാണവൾ.

പുരുഷൻ പകലും സ്ത്രീ രാത്രിയുമാകുന്നു.

പുരുഷൻ മരുഭൂമിയും സ്ത്രീ മരീചികയുമാകുന്നു.

ചുരുക്കത്തിൽ വെറും ഒരു ഹുന്ത്രാപ്പി ബുസ്സാട്ടോയാണ് സ്ത്രീ . ഇത്തരത്തിൽ ഒട്ടേറെ പ്രത്യേകതകൾ നിറഞ്ഞ ജീവിതരീതിയും മാനസികാവസ്ഥയും

ഭാഷയുടെ സിംഹാസനത്തിൽ സ്നേഹത്തിന്റെ

പുഷ്പങ്ങളാൽ അലംകൃതനായി അവരോധിക്കപ്പെട്ട

കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ .

പ്രണയത്തിന്റെ ,നിഷ്കപടതയുടെ ,പ്രകൃതി സ്നേഹത്തിന്റെ,

സാർവലൗകികത്വത്തിന്റെ, പ്രതിഷേധത്തിന്റെ,

പരിഹാസത്തിന്റെ ,പൊട്ടിച്ചിരിയുടെ, അടക്കി വച്ചവേദനയുടെ ... അങ്ങനെ പലതും കഥകളും കഥാപാത്രങ്ങളും ചേർന്നൊരുക്കുന്ന രസക്കൂട്ടുകളിൽ വൈക്കം മുഹമ്മദ് ബഷീർ എന്ന ബേപ്പൂർ സുൽത്താൻ കാലാതീതമായി വർത്തിക്കുന്നു.

എത്രയേറെ ആവർത്തിച്ചു വായിച്ചാലും വീണ്ടും വീണ്ടും പുതിയ പുതിയ ആശയങ്ങൾ പകർന്നു തരുന്ന സ്നേഹത്താൽ തീർത്ത ഒരു 'ഹുന്ത്രാപ്പി ബുസ്സാട്ടോ' ആണ് ബഷീർ .

സാഹിത്യാഭിരുചിയുമുള്ള ആ പ്രതിഭയും നമുക്കിനിയും മുഴുവൻ മനസിലാക്കാനാവാത്ത അത്രയും ഉയരത്തിൽ ഒരു തിളങ്ങുന്ന നക്ഷത്രമായി ,പിടി കിട്ടാത്ത ഹുന്ത്രാപ്പി ബുസ്സാട്ടോ ആയി നിൽക്കുന്ന ബേപ്പൂർ സുൽത്താനെ നമുക്ക് വായനാ ലോകത്തിൽ എന്നും പിന്തുടരാം.

**മഞ്ജുഷ പോർക്കുളത്ത് (അധ്യാപിക)**

---

# ബഹുമതികൾ

*ഇന്ത്യ ഗവൺമെന്റ് പത്മശ്രീ [1982]

*കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് [1970]

*കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് [1981]

*കാലിക്കറ്റ് സർവകലാശാലയുടെ 'ഡോക്ടർ ഓഫ് ലെറ്റെഴ്സ് ' ബിരുദം[1987]

*സംസ്ക്കാര ദീപം അവാർഡ് [1987]

*പ്രേം നസീർ അവാർഡ് [1992]

*ലളിതാംബിക അന്തർജനംഅവാർഡ്[1992]

*മുട്ടത്ത് വർക്കി അവാർഡ് [1993]

*വള്ളത്തോൾ പുരസ്ക്കാരം [1993]

# ബഷീറിന്റെ കൃതികൾ

- പ്രേമലേഖനം (നോവൽ) (1943)
- ബാല്യകാലസഖി (നോവൽ) (1944)
- ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് (1951)
- ആനവാരിയും പൊൻകുരിശും (നോവൽ) (1953)
- പാത്തുമ്മായുടെ ആട് (നോവൽ) (1959)
- മതിലുകൾ (നോവൽ) (1965)
- ശബ്ദങ്ങൾ (നോവൽ) (1947)
- അനുരാഗത്തിന്റെ ദിനങ്ങൾ (ഡയറി) (1983)
- സ്ഥലത്തെ പ്രധാന ദിവ്യൻ (നോവൽ) (1953)
- ഭൂമിയുടെ അവകാശികൾ (ചെറുകഥകൾ) (1977)
- വിശ്വവിഖ്യാതനായ മൂക്ക് (ചെറുകഥകൾ) (1954)
- ഭാർഗ്ഗവീനിലയം (1985)
- കഥാബീജം (നാടകത്തിന്റെ തിരകഥ) (1945)
- ജന്മദിനം (ചെറുകഥകൾ) (1945)
- ഓർമ്മക്കുറിപ്പ് (ചെറുകഥകൾ) (1946)
- അനർഘനിമിഷം (ലേഖനങ്ങൾ) ( 1945)
- വിഡ്ഢികളുടെ സ്വർഗ്ഗം (ചെറുകഥകൾ) (1948)
- മരണത്തിന്റെ നിഴൽ (നോവൽ) (1951)
- മുച്ചീട്ടുകളിക്കാരന്റെ മകൾ (നോവൽ) (1951)
- പാവപ്പെട്ടവരുടെ വേശ്യ (ചെറുകഥകൾ) (1952)
- ജീവിതനിഴൽപാടുകൾ (നോവൽ) (1954)

- വിശപ്പ് (ചെറുകഥകൾ) (1954)
- ഒരു ഭഗവദ്ഗീതയും കുറെ മുലകളും (ചെറുകഥകൾ) (1967)
- താരാ സ്പെഷ്യൽസ് (നോവൽ) (1968)
- മാന്ത്രികപ്പൂച്ച (നോവൽ) (1968)
- നേരും നുണയും (1969)
- ഓർമ്മയുടെ അറകൾ (ഓർമ്മക്കുറിപ്പുകൾ) (1973)
- ആനപ്പൂട (ചെറുകഥകൾ) (1975)
- ചിരിക്കുന്ന മരപ്പാവ (ചെറുകഥകൾ) (1975)
- എം.പി. പോൾ (ഓർമ്മക്കുറിപ്പുകൾ) (1991)
- ശിങ്കിടിമുങ്കൻ (ഓർമ്മക്കുറിപ്പുകൾ) (1991)
- ചെവിയോർക്കുക!അന്തിമകാഹളം! (പ്രഭാഷണം: 1987 ജനുവരിയിൽ കാലിക്കറ്റ്

സർവ്വകലാശാല ഡി.ലിറ്റ്. ബിരുദം നൽകിയപ്പോൾ നടത്തിയ പ്രഭാഷണം) (1992)

- യാ ഇലാഹി! (ചെറുകഥകൾ; മരണശേഷം പ്രസിദ്ധീകരിച്ചത് (1997)
- സർപ്പയജ്ഞം (ബാലസാഹിത്യം)
- ബഷീറിന്റെ തിരഞ്ഞെടുത്ത കത്തുകൾ മരണാനന്തരം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്

# നോവലുകൾ [Novels]

*പ്രേമലേഖനം - THE LOVE LETTER [1943]
*ബാല്യക്കാലസഖി - CHILDHOOD COMPANION [1944]
*ശബ്ദങ്ങൾ THE VOICES [1947]
*ന്റുപ്പൂപ്പാക്കൊരാനന്ണ്ടാർന്നു - MY GRANDPA HAD AN ELEPHANT [1951]
*മരണത്തിന്റെ നിഴലിൽ - IN THE SHADOW OF DEATH [1951]
*മുച്ചീട്ട്കളിക്കാരന്റെ മകൾ-THE DAUGHTER OF THE CARD SHARK [1951]
*സ്ഥലത്തെ പ്രധാന ദിവ്യൻ - THE PRINCIPLE DIVINE OF THE PLACE [1953]
*ആനവാരിയും പൊൻകുരിശും-ELEPHANT SCOOPER AND GOLDEN CROSS [1953]
*ജീവിതനിഴൽപ്പാടുകൾ - THE SHADOW OF LIFE [1954]
*പാത്തുമ്മായുടെ ആട് - PAATHUMA'S GOAT [1959]
*മതിലുകൾ - WALLS [1965]
*മാന്ത്രിക പൂച്ച - THE MAGIC CAT [1968]
*പ്രംഷാറ്റ - THE LOVING COCKROACH [2006]

# ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്

വൈക്കം മുഹമ്മദ് ബഷീർ എഴുതിയ ഒരു മലയാള നോവലാണ് ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്. 1951-ലാണ് ഈ നോവൽ പ്രസിദ്ധീകരിച്ചത്. മുസ്‌ലിം സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരിലുള്ള ഒരു കടന്നാക്രമണമായി ഈ നോവൽ മാറുകയുണ്ടായി. ഈ വെളിച്ചത്തിനെന്തു വെളിച്ചം എന്ന ബഷീറിന്റെ വിഖ്യാതമായ പദപ്രയോഗം ഈ നോവലിലാണുള്ളത്. തങ്ങളുടെ കുറവുകൾ മറയ്ക്കാൻ വേണ്ടി ആളുകൾ തങ്ങളുടെ പോയകാല പ്രതാപത്തെക്കുറിച്ച് ഊറ്റം കൊള്ളുന്നതിനെ കളിയാക്കാനായാണ് ബഷീർ ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന് എന്ന പേരിലൂടെ ശ്രമിക്കുന്നത്. 'ആന ഉണ്ടാർന്ന' തറവാട്ടിലെ കാരണവ-ത്തിയായതിനാൽ പട്ടിണിയാണെങ്കിലും മെതിയടിയിട്ട് തത്തി തത്തി നടക്കുന്ന ഉമ്മയെ ഈ നോവലിലെ പ്രധാനകഥാപാത്രമായ മകൾ കുഞ്ഞുപാത്തുമ്മ അത് 'കുയ്യാന' (കുഴിയാന) ആയിരുന്നു എന്ന് പറഞ്ഞു പരിഹസിക്കുന്നത് ഈ നോവലിൽ നമുക്ക് കാണാം.

കുഞ്ഞുപാത്തുമ്മ ഒരു സാധാരണ ഗ്രാമീണ മുസ്‌ലിം പെൺകുട്ടിയാണ്. നിഷ്കളങ്കയും നിരക്ഷരയുമായ അവൾ നിസ്സാർ അഹമ്മദ് എന്നു പേരായ വിദ്യാസമ്പന്നനും പുരോഗമന ചിന്താഗതിക്കാരനും പട്ടണത്തിൽ വളർന്നവനുമായ ചെറുപ്പക്കാരനുമായി പ്രണയത്തിലാകുന്ന കഥ പറയുന്ന ഈ നോവൽ നിരക്ഷരത

അന്ധവിശ്വാസങ്ങൾക്ക് വളക്കൂറുള്ള മണ്ണാണെന്നു പഠിപ്പിക്കുകയും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് വായനക്കാരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

**സ്നേഹ മോഹൻ . വി (9F)**

# പാത്തുമ്മായുടെ ആട്


വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മായുടെ ആട്. 1959-ൽ പ്രസിപദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു  പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപറന്പിലുള്ള തന്റെ കുടുംബ വീട്ടിൽ കഴിയവെ 1954 ൽ ആണ് ബഷീർ ഇതെഴുതന്നത്.




ബഷീറിന്റെ ഉമ്മയും, സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്.അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംമ്പാഗവും എന്ന് വേണ്ട ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രമാണ്.

**അഫ്ഷിൻ.എം (9C)**

# പ്രേമലേഖനം [നോവൽ]




വൈക്കം മുഹമ്മദ് ബഷീറിന്റെ പുസ്തകരൂപത്തിൽ പ്രസാധനം ചെയ്യപ്പെട്ട ആദ്യരചനയാണ് പ്രേമലേഖനം. 1942 ൽ അദ്ദേഹം ജയിലിൽ കിടക്കുന്ന ഒരവസരത്തിലാണ് ലഘുനോവൽ എഴുതിയത്. രാജദ്രോഹപരമായി ഇതിൽ ഒന്നും ഇല്ലെങ്കിലും 1944 ൽ ഇത് നിരോധിയ്ക്കപ്പെടുകയും ഇതിന്റെ കോപ്പികൾ കണ്ടുകെട്ടപ്പെടുകയും ചെയ്യു. ഹാസ്യാത്മകമായി ചിത്രീകരിക്കപെട്ട ഒരുപ്രേമകഥയാണ് പ്രേമലേഖനം എന്നു പറയാം. രസകരമായ സംഭാഷണത്തിലൂടെ യാഥാസ്ഥികതയേയും സ്ത്രീധന സംമ്പ്രദായത്തെയും കണക്കറ്റു പരിഹസിക്കുന്നുണ്ട്.

**മുഹമ്മദ് നാഫിഹ്. കെ.കെ (9F)**

# ബാല്യകാലസഖി




വിഖ്യാത എഴുത്തുകാരനായ വൈക്കം മുഹമ്മദ്ബഷീറിന്റെ ഒരു നോവലാണ് ബാല്യകാലസഖി. ഈ പുസ്തകത്തിന്റെ ഇതിവൃത്തം കഥാകാരന്റെ തന്നെ ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് എം.പി.പോൾ എഴുതിയ അവതാരികയിൽ നിന്നും വ്യക്തമാണ്. അതിപ്രകാരമാണ് "ബാല്യകാല സഖി ജീവിതത്തിൽ നിന്ന് വലിച്ച് ചീന്തിയ ഒരു ഏടാണ്, വക്കിൽ രക്തം പൊടിഞ്ഞിരിക്കുന്നു."ഈ ഗ്രന്ഥത്തിനെ കുറിച്ച് അവതാരകനുള്ള അഭിപ്രായം ഇതൊരു പ്രണയകഥയാണെന്നും എന്നാൽ സാധരണയായി പറഞ്ഞുവരുന്നതും കേട്ടുവരുന്നതുമായ ആഖ്യാനരീതിയിൽ നിന്നും മാറി അതിധാരുണങ്ങളായ ജീവിത യാഥാർത്ഥ്യങ്ങളെ കൂടി ഉൾകൊള്ളിച്ചാണ് ഇത് രചിച്ചിരിക്കുന്നതെന്നും ആണ്.

## കഥാപശ്ചാത്തലം

മജീദിന്റെയും സുഹറയുടേയും ബാല്യകാല അനുഭവങ്ങൾ വിവരിച്ചു കൊണ്ടാണ് കഥ തുടങ്ങുനനത്. മജീദിന്റെ ആണുങ്ങൾക്ക് എന്തും ചെയ്യാം എന്ന അവകാശത്തെ കൂർത്ത നഖങ്ങളുള്ള സുഹറചെറുത്തു തോൽപ്പിക്കുന്നത് "ഞാ ഞ്ഞീം മാന്തും" എന്ന് ഭീഷണിപ്പെടുത്തിയാണ്. ഫിഫ്റ്റ്

ഫോറത്തില് പഠിച്ചിരുന്ന കാലത്ത് സ്വാതന്ത്രസമരത്തിൽ ആവേശം കൊണ്ട് നാടുവിട്ട ബഷീർ, ഏതാണ്ട് പത്ത്വർഷങ്ങൾക്ക് ശേഷമാണ് തിരിച്ചെത്തുന്നത് . അദ്ദേഹത്തിന്റെ ഈ ദേശാടനവേളയിൽ കൽക്കത്തയിൽ ആകുന്ന കാലം. താൻ താമസിക്കുന്ന ആറ് നിലകെട്ടിടത്തിന്റെ ടെറസിൽ വിശ്രമിക്കുന്ന സമയത്ത് ഉറങ്ങിപ്പോയ ഇദ്ദേഹം എന്തോ ദുസ്വപ്നം കണ്ട് ഞെട്ടി എഴുന്നേറ്റു അപ്പോൾ ഒരിഞ്ചിന്റെ വ്യത്യാസത്തിൽ തന്റെ മുന്നിൽ അഗാധമായ താഴ്ചയിൽ അദ്ദേഹം നഗരത്തെ കണ്ടു. താൻ മരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന് അദ്ദേഹം മനസിലാക്കി. വീണ്ടും നിദ്രയിലാണ്ട അദ്ദേഹത്തിന്റെ സ്വപ്നത്തിൽ തന്റെ കളിക്കൂട്ടുകാരിയായ സുഹറ പ്രത്യക്ഷപ്പെട്ടു. താൻ മരിച്ച് പോയെന്നും തന്നെ അടക്കം ചെയ്തെന്നും അവൾ പറഞ്ഞു. അങ്ങനയാണത്രെ തന്റെ കൂട്ടുകാരിയുടെ അകാലമരണം അദ്ദേഹം അറിഞ്ഞത്. പിറ്റേന്ന് തന്നേ തന്റെ വിചിത്രങ്ങളായ അനുഭവങ്ങൾ, തന്റെ ബാല്യകാല അനുഭവങ്ങളോട് കൂടി അദ്ദേഹം രചിച്ചു. ഈ രചന ഇംഗ്ലീഷിലാണ് നടന്നത്. നാട്ടിലെത്തിയ ശേഷം അത് മാതൃഭാഷയിലേക്ക് തർജ്ജമ ചെയ്തു. ഈ കഥയിലെ മജീദ്, ബഷീർ തന്നെയും നായിക സുഹറ അദ്ദേഹത്തിന്റെ ബാല്യകാല സഖിയുമാണ്.

**മുഹമ്മദ് ജിഷിൽ** (9F)

---

# മതിലുകൾ

വൈക്കം മുഹമ്മദ് ബഷീർ രചിച്ച പ്രശസ്ത നോവലുകളിൽ ഒന്നാണ് മതിലുകൾ. മലയാളത്തിലെ പ്രശസ്തമായ ഒരു പ്രേമക്കഥയാണ് ഇത്. മറ്റ് കൃതികളെപ്പോലെ തന്നെ ആത്മകഥാപരമാണ്.രാഷ്ട്രീയതടവുക്കാരനായി ജയിലിലെത്തുന്ന ബഷീർ അവിടെ നേരിടുന്ന ചില അനുഭവങ്ങളാണ് ഈ ലഘു നോവലിൽ ആവിഷ്ക്കരി-ക്കുന്നത്. ഒരു മതിലിനപ്പുറത്തുള്ള സ്ത്രീജയിലിലെ നാരായണി എന്ന സ്ത്രീയുമായി പ്രണയത്തിലാവുകയും എന്നാൽ അതൊരിക്കലും സഫലമാകാതെ പോകുകയും ചെയ്യുന്നു .ഒരു നഷ്ട പ്രണയത്തിന്റെ വേദനയാണ് നോവൽ നമുക്ക് പകർന്നു നൽകുന്നത്. ഈ നോവലിനെ അടിസ്ഥാനമാക്കി ഇതേ പേരിൽ അടൂർ ഗോപാലകൃഷ്ണൻ 1989-ൽ സിനിമ സംവിധാനം ചെയ്തിട്ടുണ്ട്.

**സനൽ കൃഷ്ണ. (9B)**

# ശബ്ദങ്ങൾ (നോവൽ)

മലയാള സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീർ എഴുതിയ നോവലാണ് ശബ്ദങ്ങൾ. 1947 ലാണ് അദ്ദേഹം ഈ നോവൽ രചിച്ചത്. യുദ്ധം, അനാഥത്വം, രോഗം, വിശപ്പ്, വ്യഭിചാരം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഈ നോവൽ ഒരു സൈനികനും എഴുത്തുകാരനും തമ്മിലുള്ള സംഭാഷണത്തിൻറെ രൂപത്തിലാണ് രചിച്ചിരിക്കുന്നത്. സൈനികൻ എഴുത്തുകാരനെ സമീപിച്ച് തൻറെ ജീവിതകഥ പറയുന്നു. എഴുത്തുകാരൻ അതെല്ലാം കുറിച്ചെടുക്കുകയും സൈനികനോട് സംശയങ്ങൾ ചോദിക്കുകയും ചെയ്യുന്നു. അതോടൊപ്പം അദ്ദേഹം സൈനികൻറെ ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്യുന്നു. ഈ നോവലിന് അശ്ലീലമാണെന്ന പേരിൽ ധാരാളം എതിർപ്പുകൾ നേരിടേണ്ടിവന്നിരുന്നു.

## പ്രമേയം

നാൽക്കവലയിൽ ആരോ ഉപേക്ഷിച്ചുപോയ ഒരു കുഞ്ഞിനെ ഒരു പൂജാരി ദത്തെടുക്കുന്നു. കുഞ്ഞ് മുതിർന്നപ്പോൾ സൈന്യത്തിൽ ചേർന്ന് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുക്കുന്നു. സിഫിലിസ് രോഗവുമായാണ് മിക്ക സൈനികരും യുദ്ധത്തിൽ നിന്ന് തിരിച്ചെത്തിയത്. എന്നാൽ ഈ സൈനികന് ആ ദുര്യോഗമുണ്ടായില്ല. സൈനികന് അയാളുടെ

ധീരതസമാധാനകാലത്ത് ഉപജീവനം കണ്ടെത്താൻ തുണയാകുന്നു. ലൈംഗികതയെപ്പറ്റിയുള്ള അയാളുടെ ജിത്ധ്ഞാസയും മറ്റൊരാളുടെ ചതിയും അയാളെ മദ്യലഹരിയിൽ ആദ്യമായി സ്വവർഗ്ഗരതിയിലേയ്ക്ക് നയിക്കുന്നു. അതിലൂടെ അയാൾ രോഗിയാകുന്നു.

**മുഹമ്മദ്. പി.പി**

-----------------------------------

# ചെറുകഥകൾ

- ഭൂമിയുടെ അവകാശികൾ
- വിശ്വവിഖ്യാതമായ മൂക്ക
- ജന്മദിനം ഓർമ്മക്കുറിപ്പ്
- അനർഘനിമിഷം
- വിഡ്ഢികളുടെ സ്വർഗ്ഗം
- പാവപ്പെട്ടവരുടെ വേശ്യ
- വിശപ്പ്
- ഒരു ഭഗവദ്ഗീതയും കുറെ മുലകളും
- ആനപ്പൂട
- ചിരിക്കുന്ന മരപ്പാവ
- ശിങ്കിടിമുങ്കൻ
- യാ ഇലാഹി
- നൂറുരൂപാ നോട്ട്
- തേന്മാവ്

# തേന്മാവ് [ചെറുകഥ]

വൈക്കം മുഹമ്മദ് ബഷീറിന്റ പ്രശസ്ത ചെറുകഥകളി-ലൊന്നാണ് തേന്മാവ്. പേര് സൂചിപ്പിക്കുന്നത് പോലെതന്നെ ഒരു തേന്മാവിനെ കുറിച്ചുതന്നെയാണ് ഈ കഥ. വളരേ ലളിതവും സരസവുമായാണ് ബഷീർ ഇത് രചിച്ചിരിക്കുന്നത്.

ഒരു വ്രക്ഷത്തോടുള്ള സ്നേഹം വ്രക്ഷാരാധനയായി കല്പിക്കപെടുന്നതിനുള്ള ബഷീറിന്റെ അത്രപ്തിയും ഈകഥയിൽ കാണാവുന്നതാണ്. കഥാകാരൻ തന്നെ കഥാപാത്രമായി വരുന്ന ശൈലി മറ്റു പല ബഷീർ ക്രതികളിലേയും പോലെ 'തേന്മാവിലും' സ്വീകരിചിരിക്കുന്നു. മാത്രമല്ല കഥപാത്രത്തെ കൊണ്ടു കഥ പറയിപ്പിക്കുകയും ചെയ്തിരിക്കുന്നു. ശരിക്കും കഥയാണോ ജീവിതമാണോ എന്നറിയാതെ വായനകാരൻ കുഴങ്ങി പോകുന്നു. തേന്മാവിനെ സ്നേഹിക്കുന്ന രണ്ടു വ്യക്തികൾ- റഷീദും,അസ്മായും. അവർക്ക് ഒരു തേന്മാവിനോടുള്ള സ്നേഹത്തിന്റയും അതിനിടയാക്കിയ സാഹചര്യത്തിന്റേയും കഥയാണിത്. ഈ തേന്മാവിന്റെ ചരിത്രം റഷീദും അസ്മായും ബഷീറിനോട് പറഞ്ഞതാണ് കഥാസന്ദർഭം. കഥയിലെ മറ്റൊരു പ്രധാന കഥാപാത്രമാണ് യൂസഫ് സിദ്ദിക്ക്.

ഈ കഥ വായിക്കുന്നവരൊക്കയും ഒരു വ്രക്ഷത്തെയെ-ങ്കിലും സംരക്ഷിക്കണമെന്ന സന്ദേശമാണ് ബഷീർ നൽകുന്നത്.

**ആരിഫുദ്ദീൻ.പി**

# ഭൂമിയുടെ അവകാശികൾ




വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് **ഭൂമിയുടെ അവകാശികൾ.** സകല ജീവികൾക്കും ഭൂമിയിൽ ഒരേ അവകാശമാണുളളത് എന്ന ആശയം ഈ കഥയിലൂടെ ഇദ്ദേഹം സരസമായി അവതരിപ്പിക്കുന്നു. മനുഷ്യന് ഭൂമിയുടെ മേൽ അധികാരമുണ്ടെന്ന മിഥ്യാധാരണയുടെ പുറത്ത് ചെയ്തു കൂട്ടുന്ന അത്യാചാരങ്ങളോടുള്ള ബഷീറിന്റെ അതൃപ്തിയും ഈ കൃതിയിൽ ദർശിക്കാവുന്നതാണ്.

രണ്ടേക്കർ തെങ്ങിൻപറമ്പും അതിലൊരു വീടും സ്വന്തമാക്കിയ കഥാനായകൻ തേങ്ങാവിൽപ്പനയിലൂടെ സാമ്പത്തിക ഭദ്രതയും മുളളുവേലിയുടെയും ഇരുമ്പു ഗേറ്റിന്റെയും 'ഷാൻ' എന്ന ഉശിരൻ നായയുടെയും പിൻബലത്തിൽ സുരക്ഷിതത്വവും ഉറപ്പിച്ചിരിക്കുന്ന വേളയിൽ അദ്ദേഹത്തെ അമ്പരപ്പിച്ചു കൊണ്ട് മുദ്രപ്പത്രങ്ങളിലൊന്നും ഒപ്പു വെക്കാത്തവരും മുളളുവേലികളെ മാനിക്കാത്തവരുമായ "ഒരു കൂട്ടർ"അധികാരത്തോടെ കടന്നു വരുന്നതാണ് കഥയുടെ തുടക്കം. ക്ഷണിക്കപ്പെടാതെ ആഗതരാവുന്ന പക്ഷി-
കളും ചിത്രശലഭങ്ങളും തുടങ്ങി ചിതലുകളും എലികളും കൊടിയ വിഷമുള്ള കരിന്തേളുകളുമടങ്ങിയ ഇക്കൂട്ടർ യഥാർത്ഥത്തിൽ ഭൂമിയുടെ അവകാശികൾ

തന്നെയാണ് എന്നു അദ്ദേഹത്തിന് ബോധ്യമാവു-
ന്നതാണ് കഥാസാരം. ആദർശവാദിയായ കഥാ-
നായകനും പ്രായോഗിക ചിന്താഗതിക്കാരിയായ
അദ്ദേഹത്തിന്റെ ഭാര്യയും തമ്മിലുള്ള
വാദപ്രതിവാദങ്ങളും നിരായുധനായിരിക്കുന്ന മനുഷ്യന്റെ
നിസ്സഹായതയെക്കുറിച്ചുള്ള പരാമർശങ്ങളുമൊക്കെ
ഈ കഥയെ കൂടുതൽ ഹൃദ്യമാക്കുന്നു.

**സഫ്വാൻ.കെ (9F)**

---

# യാ ഇലാഹി

വൈക്കം മുഹമ്മദ് ബഷീറിന്റെ നർമ്മമധുരവും ചിന്തോദ്ദീപകവുമായ കഥകളുടെയും, ലേഘനങ്ങളുടെയും, കവിതകളുടയും സമാഹാരമാണ് യാ ഇലാഹി. ബഷീർ മരണപ്പെട്ട് മൂന്നു വർഷത്തിനു ശേഷം, അദ്ദേഹത്തിന്റെ പഴയ ഫയലുകളിൽ നിന്ന് കണ്ടെടുത്ത സൃഷ്ടികൾ ചേർത്താണ് "യാ ഇലാഹി" പ്രസിദ്ധീകരിച്ചത്. ചെറുകഥകളാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുന്നത്

**ആകർഷ്.കെ.എം**

# വിശ്വവിഖ്യാതമായ മൂക്ക്

വൈക്കം  മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കഥകളിൽ ഒന്നാണ് വിശ്വവിഖ്യാതമായ മൂക്ക്. ആക്ഷേപഹാസ്യ-ത്തിൽ പൊതിഞ്ഞ സാമൂഹികവിമർശനമാണ് ഈ കഥ ബഷീർ പറയുന്നത്. ഒരു സാധാരണ പാചകതൊഴി-ലാളിക്ക് ഒരു ദിവസം മൂക്കിന് നീളം വെക്കുന്നതും അതിനെ തുടർന്നുണ്ടാകുന്ന സംഭവപരമ്പരകളുമാണ് ഈ കഥയിലെ ഇതിവൃത്തം. മൂക്ക് എന്ന വിഷയത്തിലൂടെ സമൂഹത്തിലെ പൊള്ളത്തരങ്ങളെ ഹാസ്യാത്മകമായി നോക്കികാണുകയാണ് ബഷീർ ഈ കഥയിലൂടെ..

**ജുനൈദ്**

---

# ഭാർഗ്ഗവീനിലയം

നീലവെളിച്ചത്തിന്റെ കഥ വികസിപ്പിച്ച് ബഷീർ എഴുതിയ തിരകഥയെ ആശ്രയിച്ചുള്ള ഭാർഗ്ഗവീനിലയം എന്ന മലയാളചലച്ചിത്രം ഇറങ്ങിയത് 1964-ലാണ് സംവിധായകൻ ഏ.വിൻസെന്റിന്റെ ആദ്യചിത്രമായിരുന്നു ഇത്.വിജയവാഹിനി സ്റ്റൂഡിയോയിൽ വച്ച് ചന്ദ്രതാരാ പ്രൊഡക്ഷൻസിനു വേണ്ടി നിർമിച്ച ഈ ചിത്രം 1964 ഒക്ടോബർ 22-ന് ചന്ദ്രതാരാ പിക്ചേഴ്സ് പ്രദർശനത്തിനെത്തിച്ചു. മലയാളത്തിൽ അവതരിപ്പിച്ച ആദ്യത്തെ പ്രേതകഥയായിരുന്നു ഭാർഗ്ഗവീനിലയം.

## പ്രത്യേകതകൾ

മലയാള സിനിമാചരിത്രത്തിലെ ആദ്യത്തെ പ്രേതകഥയായിരുന്നു ഭാർഗ്ഗവീനിലയം. പ്രേതബാധയുള്ളതോ ഒഴിഞ്ഞുകിടക്കുന്നതോ ആയ ഭവനങ്ങളെ ഭാർഗ്ഗവീനിലയങ്ങൾ എന്നു പേരിട്ട് വിളിക്കുവാൻ വരെ കാരണമായ നിലയിൽ കേരളീയരെ സ്വധീനിച്ച ഒരു സിനിമയും ഇതായിരുന്നു. പ്രശസ്ത മലയാള നടനായിരുന്നു കുതിരവട്ടം പപ്പുവിന് ആ പേര് ലഭിക്കുന്നതും ഈ സിനിമയിലെ കഥാപാത്രത്തിൽ നിന്നാണ്.മലയാള സിനിമയിലെ പിൻക്കാല പ്രേതങ്ങൾക്ക് വെള്ള

സാരിയും ഉടുപ്പുകളും മാത്രം ഉപയോഗിക്കുന്ന രീതിയും ഈ ചിത്രത്തിന്റെ സംഭാവനയായി ഗണിക്കുന്നു.പില്ക്കാല മലയാള സിനിമാ പ്രേതങ്ങളുടെ പല മാനറിസങ്ങളും ഈ സിനിമയുടെ സംഭാവനയായാണ് കരുതപ്പെടുന്നത്.
ഇതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട സിനിമാ പ്രേത സ്വഭാവങ്ങളിൽ ചിലത് കാല് നിലം തൊടാതെ സഞ്ചരിക്കുക,ചിലങ്ക കിലുക്കി നടക്കുക, നിശ്ശബ്ദതയിൽ ഓരിയിടുക, പെട്ടെന്ന് പൊട്ടി-ച്ചിരിക്കുക, എന്നിങ്ങനെയാണ്.

റിൻഷിദ.ഒ.പി (9F)

---

# ബഷീർ എന്ന ബല്യ ഒന്ന്

*ഒന്നും ഒന്നും ഇമ്മിണി ബല്യഒന്ന് എന്ന ചെറിയ വലിയ ദാർശനികതയുടെ സുൽത്താൻ.

*കാലം വിളിച്ചു പറയാൻ മടിച്ച പല കാര്യങ്ങളും തന്റെ കൃതികളിലൂടെ പറഞ്ഞ വ്യക്തി.

*നിത്യ ജീവിതത്തിന്റെ പരിസരത്തു നിന്നു പെറുക്കിയെടുത്ത കഥാപാത്രങ്ങളായിരുന്നു ബഷീറിന്റെ കൃതികളിൽ ഉണ്ടായിരുന്നത്.

*ഒറ്റമരമുള്ള ഒരു കാടായിരുന്നു ബഷീർ-എം.എൻ വിജയൻ.

*"ഞാൻ തന്നെയാണ് പൂവ്, ഞാൻതന്നെയാണ് തോട്ടവും" എന്ന് ബഷീർ പറയുമായിരുന്നു.

*കാലം ബഷീറിന് ഒരു വെല്ലുവിളിയായിരുന്നില്ല മറിച്ച് കാലത്തിന് ബഷീർ എന്നും ഒരു വെല്ലുവിളിയായിരുന്നു.

* ബഷീർ ഭൂമിയിൽ നിന്നു പോയി, വായനക്കാരുടെ മനസ്സിൽ മായാതെ നില നിൽക്കുന്നു.

*പൊള്ളുന്ന കനലിനെയും ചൂടിനെയും പൂവാക്കി മാറ്റിയ

എഴുത്തുകാരൻ.

*അനുഭവങ്ങളാണ് ബഷീർ കൃതികളുടെഅടിത്തറ-
ബഷീർ സഞ്ചരിച്ചത് ലോകം കാണാനല്ല , അനുഭവങ്ങൾ കാണാനായിരുന്നു.

*മുസ്ലിം സമുദായത്തിന്റെ അന്ധവിശ്വാസങ്ങളെയും ജീർണതകളെയും കൃതിതളിലൂടെ തുറന്നു കാണിച്ച വ്യക്തി.

**സെയ്ദ് മുഹമ്മദ്(അധ്യാപകൻ)**

# സാഹിത്യ സുൽത്താനെ ഓർമ്മിക്കുമ്പോൾ

മലയാള സാഹിത്യത്തിൽ ഒരേയൊരു സുൽത്താനെ-യൊള്ളൂ. ഭാഷയുടെയും വ്യകരണത്തിന്റെയും വേലിക്കെട്ടുകൾ പൊളിച്ചെഴുതി മലയാള സാഹിത്യത്തെ സാധാരണക്കാരന്റെ ജീവിതത്തോട് ചേർത്തൂ നിർത്തിയ ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ . സാധാരണക്കാരിൽ സാധാരണക്കാരനായ നാട്ടുമനുഷ്യന്റെ പച്ചഭാഷയിലുള്ള ഹാസ്യാത്മകമായ രചനകൾ വായനക്കാരനെ ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും, കരയിപ്പിക്കുകയും ചെയ്തു. അതായിരുന്നു ആ തൂലികയുടെ ശക്തിയും.

അദ്ദേഹത്തിന്റെ ഓർമകൾക്ക് ജൂലൈ-5 ന് 22 വയസ്സ് തികയുകയാണ്. ഒരിക്കലും അലക്കിത്തേച്ച വടിവൊത്ത ഭാഷയിൽ അദ്ദേഹം എഴുതിയില്ല. ഇതു മലയാളത്തിലെ മറ്റൊരു സാഹിത്യക്കാരനും അവകാശപ്പെട്ടാൽ സാധിക്കാത്ത വിധം ബഷീറിനെ ജനകീയനാക്കി. തന്റേതു മാത്രമായ വാക്കുകളും ശൈലികളും ആയിരുന്നു ബഷീറിന്റെ സവിശേഷത. ഇത് ബഷീറിയൻ ശൈലി എന്നറിയപ്പെട്ടു.

ബഷീർ വിട പറഞ്ഞു. പക്ഷെ അദ്ദേഹത്തിന്റെ രചനകൾ എല്ലാം പുറത്തിറങ്ങിയ അതേ പുതുമയോടെ തന്നെ ഇന്നും വായിക്കപ്പെടുന്നു. കാരണം അവ ഓരോന്നും ഓരോ പാഠപുസ്തകങ്ങളാണ്.

ജീവിതം എന്തെന്ന് കാട്ടിതരുന്ന മഹത്തായ പാഠപുസ്തകങ്ങൾ.

-----------------------------------

ജി.എച്ച്.എസ്.എസ്.പെരിന്തൽമണ്ണ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ നിർമിക്കാൻ സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് ടീമിന്റെ വക നന്ദി രേഖപ്പെടുത്തുന്നു.

## നന്ദി

---

